**ദക്ഷിണ ചൈന കടല് വിഷയത്തില് യുഎന്സിഎല്ഒഎസ് അനുബന്ധം VII നു കീഴില് ആര്ബിട്രല് ട്രിബ്യൂണല് തീര്പ്പിനെ കുറിച്ചുള്ള പത്രക്കുറിപ്പ്**

ജൂലൈ 12, 2016

1982 ലെ സമുദ്ര നിയമത്തില് ഐക്യരാഷ്ട്ര കണ്വന്ഷന്റെ (UNCLOS)അനുബന്ധം VII നു കീഴില് സ്ഥാപിച്ച ആര്ബിട്രല് ട്രിബ്യൂണല്, റിപ്പബ്ലിക് ഓഫ് ഫിലിപ്പൈന്സ് , പീപ്പിള്സ് റിപ്പബ്ലിക് ഓഫ് ചൈന എന്നിവരുമായി ബന്ധപ്പെട്ട വിഷയത്തില് പുറപ്പെടുവിച്ച തീര്പ്പ് ഇന്ത്യയുടെ ശ്രദ്ധയില് പെടുകയുണ്ടായി.

യുഎന്സിഎല്ഒഎസ്സില് (UNCLOS) പ്രതിഫലിക്കുന്ന അന്താരാഷ്ട്ര നിയമ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള കടല്-വ്യോമയാത്ര, പ്രതിബന്ധമില്ലാത്ത വ്യാപാരം എന്നിവയിലെ സ്വാതന്ത്ര്യത്തെ ഇന്ത്യ പിന്തുണക്കുന്നു . സമാധാനത്തെയും സ്ഥിരതയേയും ബാധിക്കുന്ന തരത്തില് പ്രശ്നങ്ങളില് തീവ്രത കൂട്ടുകയും സങ്കീര്ണമാക്കുകയും ചെയ്യുന്ന പ്രവര്ത്തികളില് സ്വയം സംയമനം പരിശീലിക്കുകയും ഭീഷണിയോ ബലപ്രയോഗമോ കൂടാതെ സമാധാന മാര്ഗത്തിലൂടെ പ്രശ്നങ്ങള് പരിഹരിക്കുകയുമാണ് രാജ്യങ്ങള് ചെയ്യേണ്ടതെന്ന് ഇന്ത്യ വിശ്വസിക്കുന്നു
.
ദക്ഷിണ ചൈനാ സമുദ്രത്തിലൂടെ കടന്നു പോകുന്ന കടല് പാത, സമാധാനം, സ്ഥിരത, പുരോഗതി, വികസനം എന്നീ ഘടകങ്ങളില് വളരെ നിര്ണായകമായ പങ്ക് വഹിക്കുന്ന ഒന്നാണ് . കടല്-സമുദ്ര അന്താരാഷ്ട്ര നിയമ ഉത്തരവുകള് സ്ഥാപിക്കുന്ന യുഎന്സിഎല്ഒഎസ്സിനോട് ഏറ്റവും ആദരം പ്രകടിപ്പിക്കണമെന്നു യുഎന്സിഎല്ഒഎസ്സിലെ കക്ഷി രാജ്യം എന്ന രീതിയില് ഇന്ത്യ എല്ലാ കക്ഷികളേയും ഉദ്ബോധിപ്പിക്കുന്നു

ന്യൂഡല്ഹി
ജൂലൈ 12, 2016